
# വേദാർത്ഥവിചിന്തനം നവ്യമാനങ്ങൾ

ലേഖനസമാഹാരം

പ്രസാധനം:

ഡോ. കെ.എ. രവീന്ദ്രൻ



സമാഹരണം:

കടവല്ലൂർ അന്യോന്യപരിഷത്ത്



ഡോ. കെ.എ. രവീന്ദ്രൻ

# വേദാർത്ഥവിചിന്തനം
## നവ്യമാനങ്ങൾ

പ്രാചീനഭാരതീയസംസ്കാരത്തിന്റേയും വിജ്ഞാനപൈതൃകത്തിന്റേയും ആണിക്കല്ലുകളാണല്ലോ വേദങ്ങൾ. അവയുടെ പഠനം സാധ്യമാക്കുന്നതിന് വേദാംഗങ്ങളുടെ പരിജ്ഞാനം തികച്ചും ആവശ്യമാണ്. വേദപഠനത്തിന്റെ നൂതനസാധ്യതകൾ കണ്ടെത്തുക എന്നതും, ആധുനികപശ്ചാത്തലത്തിൽ അവയെ മനസ്സിലാക്കാൻ ശ്രമിക്കുക എന്നതും മുന്നിൽ കണ്ടുകൊണ്ടാണ് 2016ലെ കടവല്ലൂർ അന്യോന്യത്തോടനുബന്ധിച്ച് 'വേദങ്ങൾ - വേദാംഗങ്ങൾ - നൂതനസാധ്യതകൾ' എന്ന വിഷയത്തിൽ അന്യോന്യപരിഷത്ത് ദേശീയസെമിനാർ സംഘടിപ്പിച്ചത്. സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം.

വള്ളത്തോൾ വിദ്യാപീഠം
ശുകപുരം,
എടപ്പാൾ 679 576

₹: 200
ISBN 978-93-83570-91-1

വിതരണം:
നാഷണൽ ബുക്ക് സ്റ്റാൾ
കോട്ടയം

9 789383 570911 >

## ഉള്ളടക്കം

പ്രസ്താവന / Preface

യാസ്കനിരുക്തം:
പ്രസക്തിയും പ്രാധാന്യവും / ഡോ. കെ.പി. ശ്രീദേവി 9

സ്മൃതിഗ്രന്ഥങ്ങളും
ആധുനികനിയമവ്യവസ്ഥയും / ഡോ. പാലനാട് വാസുദേവൻ 27

സംസ്കൃതവ്യാകരണത്തിലെ
അതിനിയമങ്ങൾ: ഒരു പര്യവേക്ഷണം / ഡോ. യമുന കെ. 42

യാസ്കന്റെ നിരുക്തം
സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ / ഡോ. ശ്രീജ കെ.പി. 56

ശ്രൗതസൂത്രങ്ങൾ:
പ്രമേയവും വിവക്ഷയും / ഡോ. പൂർണ്ണിമ ജി. 69

ഗൃഹ്യസൂത്രങ്ങൾ:
ഉള്ളടക്കവും വിവക്ഷയും / സുധാഞ്ജലി പി.എസ്. 82

ധർമ്മസൂത്രങ്ങളും
ആധുനികസമീപനങ്ങളും / ഡോ. മഞ്ജു പി.എം. 95

വേദാംഗജ്യോതിഷവും ജ്യോതിഷവും:
വിമർശനാത്മകസമീപനം / ടി.എസ്. ശ്യാംകുമാർ 103

**Vedic Studies :**
**Possibilities and Challenges** / Dr. P.V. Ramankutty 115

**Karmapañjikā : A Ritual Manual**
**of Paippalāda Atharvavedins** / Dr. Shilpa Sumant 122

**Evolution of the World :**
**A Journey with Nirukta** / Dr. Mugdha Gadgil 137

**Pāṇini's Account of the**
**Ritualistic Language** / Dr. Prasad P. Joshi 146

**Development of Astronomy and**
**Astrology from the Vedâṅgajyotiṣa** / Dr. Ambarish V. Khare 153

**Vedic Ideals in Śaiva Religious Texts** / Dr. S.A.S. Sarma 159

**वेदपरिरक्षणे सन्धिः** / डा. एम्. प्रफुल्ला 187

**व्याकरणस्य वेदोपयोगित्वम्** / डा. जयनिशा के. 191

# സംസ്കൃതവ്യാകരണത്തിലെ അതിനിയമങ്ങൾ: ഒരു പര്യവേക്ഷണം

ഡോ. യമുന കെ.

വാക്യഘടനയെ വിവരിക്കുക അഥവാ നിശ്ചിതപ്പെടുത്തുക എന്നതാണ് സാമാന്യമായി ഏതൊരു ഭാഷയുടെയും വ്യാകരണംകൊണ്ടുദ്ദേശിക്കുന്നത്. ഒരു ഭാഷയിലെ അപഗ്രഥനയോഗ്യമായ എല്ലാ വാക്യങ്ങളേയും സൃഷ്ടിക്കാനുതകുന്ന നിയമസംഹിതയാണ് വ്യാകരണം എന്ന് ചോംസ്കി അഭിപ്രായപ്പെട്ടിട്ടുണ്ട്. സാധ്യമായ വ്യാകരണഘടകങ്ങളെ വേർതിരിച്ച് പരിചയപ്പെടുത്തുകയും അവയെ വാക്യങ്ങളിലെങ്ങനെയെല്ലാം ഉൾച്ചേർക്കാം എന്ന് പ്രസ്താവിക്കുകയും ചെയ്യുന്നതുതന്നെയാണ് ഒട്ടെല്ലാ ഭാഷാവ്യാകരണങ്ങളുടേയും ശൈലി. ഓട്ടോ ജസ്പേർസന്റെ *മോഡേൺ ഇംഗ്ലീഷ് ഗ്രാമർ* (ഏഴു വാല്യം - 1909-49) എന്ന ഇംഗ്ലീഷ് വ്യാകരണഗ്രന്ഥം ഉദാഹരണമായിട്ടെടുക്കാം. ഇരുപതാം നൂറ്റാണ്ടിൽ ആധുനികഭാഷാശാസ്ത്രത്തിന്റെ ആവിർഭാവത്തോടെയാണ് ഭാഷയെ സമഗ്രമായും വസ്തുനിഷ്ഠമായും പഠിക്കുകയും വിവരിക്കുകയും ചെയ്യുന്ന രീതി സാർവ്വത്രികമാകുന്നത്.

ബി.സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുവെന്നു വിശ്വസിക്കുന്ന പാണിനിയാണ് ഇന്ന് ഏറ്റവും അംഗീകൃതനായ സംസ്കൃതവൈയാകരണൻ. അദ്ദേഹം മുന്നോട്ടുവെച്ച വ്യാകരണമെന്ന സങ്കല്പനവും സമീപനവും മറ്റു വ്യാകരണങ്ങളുടേതിൽ നിന്ന് വേറിട്ടുനിൽക്കുന്നതായി കാണാം. ഭാരതത്തിൽ വ്യാകരണം പദശാസ്ത്രം എന്നാണ് അറിയപ്പെട്ടിരുന്നത്. പദങ്ങളുടെ നിഷ്പത്തി വിവരിക്കുകയാണ് സംസ്കൃതവ്യാകരണം പ്രാഥമികമായി ചെയ്യുന്നത്. എന്നാൽ ഈ വിവരണത്തിലൂടെത്തന്നെ വാക്യനിർമ്മാണത്തിനാവശ്യമായ വസ്തുതകൾ അനാവൃതമാകുകയും ചെയ്യുന്നു. അർത്ഥത്തെ നിമിത്തസ്ഥാനത്തുമാത്രം നിർത്തിക്കൊണ്ട് പദഘടനയുടെ വിവരണത്തിലൂടെ ക്രിയാകേന്ദ്രിതമായ അർത്ഥബോധം ഉളവാക്കുന്ന വാക്യനിർമ്മിതികളിൽ എത്തിച്ചേരുന്ന തരത്തിലാണ് പാണിനിയുടെ സംസ്കൃതവ്യാകരണഗ്രന്ഥമായ *അഷ്ടാധ്യായി*യുടെ രചനാരീതി. സൂത്രശൈലിയാണ് അഷ്ടാധ്യായിയുടെത്.

പ്രാചീനഭാരതത്തിൽ വൈദികകാലാനന്തരം സൂത്രശൈലിയിൽ പല ശാസ്ത്രഗ്രന്ഥങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. സാങ്കേതികസംജ്ഞകളും സാങ്കേതികോപായങ്ങളും അവലംബിച്ചുകൊണ്ട് സമഗ്രമായും എന്നാൽ ഏറ്റവും ചുരുങ്ങിയ വാക്കുകൾകൊണ്ടും വിഷയം പ്രതിപാദിക്കുന്നതാണ് സൂത്ര

ശൈലി. ഓരോ ആശയവും ഓരോ സൂത്രത്തിലൂടെ ഇത്തരത്തിൽ പ്രതിപാദിക്കുമ്പോൾ സാമാന്യഭാഷാസ്വഭാവം കൈവിട്ട് സാങ്കേതികഭാഷയായി ഇത് മാറുന്നു. ഇതിനെ അതിഭാഷ (Metalanguage) എന്നു പറയാം. അതിഭാഷയിലെ സങ്കേതങ്ങൾ വിശദീകരണങ്ങൾ കൊണ്ടുമാത്രമെ മനസ്സിലാക്കാനാവൂ. *അഷ്ടാധ്യായി*യിലുപയോഗിച്ച സാങ്കേതികപദങ്ങളുടെ അർത്ഥവും സാങ്കേതികോപായങ്ങളും ഈ ഗ്രന്ഥത്തിൽ പാണിനിതന്നെ വിശദീകരിച്ചിട്ടുണ്ട്. ഇങ്ങനെ അതിഭാഷയിലുപയോഗപ്പെടുത്തിയ ഉപായങ്ങളുടെ വിശദീകരണങ്ങൾക്ക് അതിനിയമങ്ങൾ എന്നു പറയുന്നു. ചുരുക്കത്തിൽ നിയമസൂത്രങ്ങളുടെ അർത്ഥബോധത്തിലും പ്രവൃത്തിയിലും ഉണ്ടാകുന്ന സന്ദിഗ്ധത ഒഴിവാക്കാൻ ഗ്രന്ഥകാരനോ വ്യാഖ്യാതാക്കളൊ ഉണ്ടാക്കുന്ന നിയമങ്ങളാണ് അതിനിയമങ്ങൾ. പരിഭാഷ എന്നാണ് സംസ്കൃതവ്യാകരണത്തിൽ ഈ അതിനിയമങ്ങൾക്ക് പേര്. പാണിനിക്ക് മുമ്പും പിമ്പും സംസ്കൃതവ്യാകരണത്തിൽ അതിനിയമങ്ങൾ ഉണ്ടായിട്ടുണ്ട്. പാണിനീയസൂത്രങ്ങളിലുപയോഗപ്പെടുത്തിയ സാങ്കേതികത പിന്നീട് ഒരുപാട് അതിനിയമങ്ങളുടെ രൂപീകരണത്തിനും തുടർന്ന് അവയുടെ വ്യാഖ്യാനങ്ങൾക്കും വഴിവെച്ചു. ഇത്തരത്തിൽ അതിനിയമസംബന്ധികളായ ഗ്രന്ഥങ്ങൾ സംസ്കൃതവ്യാകരണത്തിൽ ധാരാളം ഉണ്ടായിട്ടുണ്ട്. ഈയൊരു മേഖലയെ പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിന്റെ മുഖ്യോദ്ദേശ്യം.

## അഷ്ടാധ്യായിയിലെ അതിനിയമങ്ങൾ

മുൻപ് പ്രസ്താവിച്ചപോലെ അഷ്ടാധ്യായി സൂത്രശൈലിയിലുള്ള ഗ്രന്ഥമാണ്. എട്ടദ്ധ്യായങ്ങളും ഓരോ അദ്ധ്യായത്തിലും നാലു പാദങ്ങളും ഉണ്ട്. ഓരോ പാദത്തിലും അനേകം സൂത്രങ്ങളും. ആകെ നാലായിരത്തിനടുത്ത് സൂത്രങ്ങൾ *അഷ്ടാധ്യായി*യിലുണ്ട്. ഇതിൽ ധാരാളം സാങ്കേതികസംജ്ഞകൾ ഉപയോഗിച്ചിട്ടുണ്ട്. ഇവയിൽ പലതും മുൻവ്യാകരണഗ്രന്ഥങ്ങളിൽ നിന്നും പാണിനി സ്വീകരിച്ചവയാണ്. എന്നാൽ അതിൽക്കൂടുതൽ പാണിനി നിർമ്മിച്ചവയുണ്ട്. ഈ സംജ്ഞകളുടെ അർത്ഥം പാണിനി സൂത്രങ്ങളിൽ തന്നെ വിശദീകരിക്കുന്നു. ആ, ഐ, ഔ എന്നീ മൂന്നുവർണ്ണങ്ങൾക്ക് വൃദ്ധി എന്ന സംജ്ഞ പാണിനി കൊടുത്തിട്ടുണ്ട്. 'മൃജേർവൃദ്ധിഃ' (7.2.114), 'വൃദ്ധിരേചി' (6.1.88) തുടങ്ങിയ സൂത്രങ്ങളിൽ ഈ സംജ്ഞ ഉപയോഗിച്ചിട്ടുണ്ട്. 'വൃദ്ധിരാദൈച്' (1-1-1) എന്ന സൂത്രത്തിൽ ആതും ഐച്ചും ആണ് വൃദ്ധി എന്നുപറയുന്നു. ഇതിൽ ആകാരശേഷമുള്ള തകാരം മഹാ + ഓജസ് = മഹൗജസ്, ഹൃദയ + ഐക്യം = ഹൃദയൈക്യം തുടങ്ങിയ ഉദാഹരണങ്ങളിൽ മൂന്നോ നാലോ മാത്രയിലുള്ള സ്ഥാനിയുടെ ആദേശമായി വരുന്ന ആകാര - ഐകാര - ഔകാരങ്ങൾ രണ്ടുമാത്രയോടുകൂടിയവതന്നെയായിരിക്കും എന്ന് കാണിക്കാനുള്ളതാണ്. ഇത് മനസ്സിലാക്കുന്നതിന് 'തപരസ്തത്കാലസ്യ' (1.1.70) എന്ന സൂത്രത്തെ ആശ്രയിക്കണം. 'ഐച്' ഐകാര - ഔകാരങ്ങളുടെ സംജ്ഞയാണെന്ന് മനസ്സിലാക്കാൻ 'ആദിരന്ത്യേന സഹേതാ' (1.1.71) എന്ന സൂത്രത്തെ ആശ്രയിക്കണം. കേവലം സംജ്ഞയെ

വിവരിക്കുമ്പോൾത്തന്നെ അത് സാങ്കേതികതയെ എത്രത്തോളം ആശ്രയിക്കുന്നു എന്ന് കാണിക്കുന്നതാണിത്. ഇതുകൊണ്ടുതന്നെയാണ് ഈ സൂത്രങ്ങൾ അതിഭാഷകളാകുന്നതും. സന്ധികാര്യത്തെ പറയുന്ന 'ഇകോ യണചി' (6.1.77) എന്ന സൂത്രത്തിൽ 'ഇക്' എന്നത് ഇകാര-ഉകാര-ഋകാര-ഌകാരങ്ങളെ കുറിക്കുന്ന സംജ്ഞയാണ്. 'യൺ' എന്നത് യകാര-വകാര-രേഫ-ലകാരങ്ങളെയും. 'അച്' സ്വരാക്ഷരങ്ങളുടെ സംജ്ഞയാണ്. ഇതിൽ ഇകഃ എന്നത് ഷഷ്ഠീവിഭക്ത്യന്തവും അചി എന്നത് സപ്തമീവിഭക്ത്യന്തവും ആണ്. ഷഷ്ഠിയ്ക്ക് സാധാരണയായി അവയവ-അവയവിഭാവം, ജന്യജനകഭാവം തുടങ്ങിയ സംബന്ധമാണ് അർത്ഥം. സംബന്ധാർത്ഥം യോജിക്കാതെ വരുമ്പോൾ ഏതു പ്രാതിപദികത്തോടാണോ ഷഷ്ഠി ചേരുന്നത്, ആ പ്രാതിപദികത്തിന്റെ സ്ഥാനത്ത് എന്തർത്ഥം സ്വീകരിക്കണമെന്ന് 'ഷഷ്ഠീ സ്ഥാനേ യോഗാ' (1.1.49) എന്ന സൂത്രം പറയുന്നു. 'ഇകോയണചി' തുടങ്ങിയ പല സൂത്രങ്ങളിലെയും ഷഷ്ഠീവിഭക്തിയുടെ അർത്ഥത്തിലുണ്ടാകുന്ന സന്ദിഗ്ദ്ധത ഒഴിവാക്കാനുതകുന്ന നിയമം എന്ന നിലയിൽ 'ഷഷ്ഠീ സ്ഥാനേ യോഗാ' എന്നതിനെ അതിനിയമം എന്ന് പറയുന്നു. സപ്തമിക്ക് അധികരണമാണ് അർത്ഥമെങ്കിലും ചില സൂത്രങ്ങളിൽ ഏതു പ്രാതിപദികത്തിൽ നിന്നാണോ സപ്തമി, ആ പ്രാതിപദികം പരമായിരിക്കുമ്പോൾ പൂർവ്വത്തിന് വിധി/ കാര്യം വരും എന്ന് 'തസ്മിന്നിതി നിർദിഷ്ടേ പൂർവസ്യ' (1.1.66) എന്ന സൂത്രം പറയുന്നു. അതുകൊണ്ട് ഈ സൂത്രവും അതിനിയമമാണ്. ഇത്തരത്തിൽ പാണിനി അഷ്ടാധ്യായിയിൽ സൂത്രരൂപത്തിൽ പല അതിനിയമങ്ങളും പറഞ്ഞുവച്ചിട്ടുണ്ട്.

പാണിനീയസൂത്രങ്ങളിലും അവയുടെ പ്രവൃത്തിപ്രദേശങ്ങളിലും ഉണ്ടാകുന്ന സംശയം ദുരീകരിക്കാൻ പിന്നീടും അതിനിയമങ്ങളുണ്ടായി. 'നേർഗദനദ...' (8.4.17) എന്ന സൂത്രം കൊണ്ട് ഉപസർഗ്ഗത്തിൽ നിന്നും പരമായ നകാരത്തിൽ നിന്ന് ഗദനാദിശബ്ദങ്ങൾ പരമായാലും 'ഘു' സംജ്ഞകപദം പരമായാലും 'ണത്വം' വിധിക്കുന്നുണ്ട്. 'ദാധാഘ്വദാപ്' (1.1.20) എന്ന സൂത്രം കൊണ്ട് 'ദാ' ധാതുവിന് 'ഘു' സംജ്ഞ കിട്ടുന്നുണ്ട്. ഇതിന് പകാരാഗമം വന്ന് 'ദാപ്' എന്നായി മാറിയാൽ ഈ സൂത്രത്തിന്റെ ലക്ഷ്യപ്രദേശമായി കണക്കാക്കണോ എന്ന് സംശയം വരാവുന്നതാണ്. ഇത്തരത്തിൽ ആഗമം വന്നുകഴിഞ്ഞാലും ആഗമത്തിനെ നിർദ്ദിഷ്ടശബ്ദത്തിന്റെ അവയവമായി കാണാം എന്നും ദാപിനെ ദാരൂപത്തിൽത്തന്നെ കണക്കാക്കാം എന്നും 'യദാഗമാസ്തത്ഗുണീഭൂതാസ്തദ്ഗ്രഹണേന ഗൃഹ്യന്തേ' എന്ന അതിനിയമം അനുശാസിക്കുന്നു. അങ്ങനെ പ്രണിദാപയതി എന്ന രൂപത്തെ സാധൂകരിക്കുന്നു. ഈ അതിനിയമത്തിന് ആഗമം വരുന്ന ഏതുസ്ഥലത്തും പ്രവർത്തിക്കുവാൻ അവകാശമുണ്ട്. ഇത് അതിനിയമങ്ങളുടെ സ്വഭാവമാണ്. അങ്ങനെയെങ്കിൽ 'ഉദഃസ്ഥാസതഭോഃ പൂർവസ്യ' (8.4.61) എന്ന സൂത്രം കൊണ്ട് ഉദ് സ്ഥാനം ഉത്ഥാനം എന്ന് പൂർവസവർണം വരുന്നതുപോലെ സ്ഥാധാതുവിന്റെ ലുങ്ലകാരത്തിൽ അടാഗമം വന്ന് ഉദ് അസ്ഥാ എന്നിരിക്കുമ്പോഴും

പ്രവർത്തിച്ചുകൂടെ എന്നു വരുന്നു. അടാഗമം വന്ന അസ്ഥാ ശബ്ദത്തെ സ്ഥാ ആയിത്തന്നെ കണക്കാക്കാം എന്ന് യദാഗമപരിഭാഷകൊണ്ട് സിദ്ധിക്കുന്നുണ്ടല്ലോ. എന്നാലിവിടെ 'നിർദിശ്യമാനസ്യാദേശാ ഭവന്തി' എന്ന് മറ്റൊരു അതിനിയമം പ്രവർത്തിക്കും. നേർഗദനദ എന്ന സൂത്രത്തിൽ ഘുസംജ്ഞകം എന്ന് സാമാന്യമായിട്ടെ പറഞ്ഞുള്ളു എന്നതുകൊണ്ട് പ്രണിദാപയതി എന്ന പദത്തിൽ 'യദാഗമ' പരിഭാഷയ്ക്ക് പ്രവർത്തിക്കാം. എന്നാലിവിടെ സ്ഥാ എന്ന ശബ്ദം പരമായിരിക്കുമ്പോൾ എന്ന് കൃത്യമായ ശബ്ദസ്വരൂപം നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ട് ആ നിർദ്ദേശിക്കപ്പെട്ടതിനു മാത്രമെ വിധി ബാധകമാകുന്നുള്ളൂ. 'നിർദിശ്യമാനസ്യാദേശാ ഭവന്തി' എന്നതാണ് ഈ അതിനിയമത്തിന്റെ സ്വരൂപം. ഇങ്ങനെ സൂത്രാർത്ഥത്തിലും പ്രവൃത്തിയിലും വീണ്ടും വീണ്ടും ഉണ്ടായിവരുന്ന സന്ദിഗ്ധത പുതിയ പുതിയ അതിനിയമങ്ങൾക്ക് വഴിയൊരുക്കി. ഇത്തരത്തിൽ ഉണ്ടായ അതിനിയമങ്ങളുടെ പ്രയോജനം, വിഭജനം, അതിനിയമങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ എന്നിവ ഇനി കൂടുതലായി മനസ്സിലാക്കാം.

## അതിനിയമങ്ങൾ പാണിനിയ്ക്കുശേഷം

പാണിനി രചിച്ച വ്യാകരണനിയമങ്ങളിൽ ഉപയോഗിച്ച സാങ്കേതികതയെ മനസ്സിലാക്കാൻ പാണിനി തന്നെ നിർദ്ദേശിച്ച അതിനിയമങ്ങൾ പര്യാപ്തങ്ങളാവണ്ടെ? എന്തുകൊണ്ടാണിങ്ങനെ അതിനിയമങ്ങൾ വീണ്ടും വീണ്ടും ഉണ്ടായിവന്നത്? ഇത് സ്വാഭാവികമായും ഉയർന്നുവരുന്ന സംശയമാണ്. അതിനുള്ള മറുപടിയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

പാണിനിയ്ക്ക് മുമ്പുതന്നെ സംസ്കൃതവ്യാകരണം നിലനിന്നിരുന്നു എന്നും അക്കാലത്തുതന്നെ പല അതിനിയമങ്ങളും അംഗീകരിക്കപ്പെട്ടിരുന്നു എന്നും വ്യക്തമാണ്. അവ മനസ്സിൽ കണ്ടുകൊണ്ടാണ് പാണിനി തന്റെ സൂത്രങ്ങൾ പലതും രചിച്ചിട്ടുള്ളത്. ഇവ അക്കാലത്ത് പ്രസിദ്ധങ്ങളായതുകൊണ്ട് *അഷ്ടാധ്യായി*യിൽ സൂത്രരൂപത്തിൽ പരാമർശിക്കപ്പെട്ടില്ല. എന്നാൽ ഈ അതിനിയമങ്ങൾ കുറെയൊക്കെ പരമ്പരാഗതമായി പാണിനിയുടെ വ്യാഖ്യാതാക്കൾക്ക് കിട്ടിയിട്ടുണ്ടാകാം. മറ്റുചിലത് പാണിനിയുടെ പ്രയോഗത്തിൽ നിന്നും, ലോകന്യായത്തിനനുസരിച്ചും ഊഹിച്ചെടുക്കാവുന്നതും ആണ്. ഇങ്ങനെ പരമ്പരാഗതമായി കിട്ടിയവയും ശാസ്ത്രീയമായ ഊഹത്തിലൂടെയും ലോകന്യായങ്ങൾക്കനുസരിച്ചും കിട്ടിയവയും ആയ അതിനിയമങ്ങൾ വാർത്തികങ്ങളായും ഭാഷ്യവചനങ്ങളായും കണ്ടെത്താനാകും. മറ്റൊരുകാര്യം, പാണിനി സൂത്രങ്ങൾ രചിച്ച് നൂറ്റാണ്ടുകൾക്ക് ശേഷം അവ പഠിക്കുമ്പോൾ അർത്ഥത്തിൽ സ്വാഭാവികമായും സംശയങ്ങളുണ്ടാകാം എന്നതാണ്. ഇത് ദൂരീകരിക്കാനും അതിനിയമങ്ങൾ ഉണ്ടായിവന്നു. ഇവയും ഏറെക്കുറെ വാർത്തികഭാഷ്യകാരന്മാർ പറഞ്ഞുവയ്ക്കുന്നുണ്ട്. ഇനിയൊരുകാര്യം, കാലത്തിനനുസരിച്ച് ഭാഷയിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ്. ഈ മാറ്റങ്ങളെ പാണിനീയസൂത്രങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ വിശദീകരിക്കുന്നതിനും അതിനിയമങ്ങൾ ഉണ്ടായിട്ടുണ്ട്. ഇങ്ങനെ

മൂന്നുതരത്തിലുണ്ടായ അതിനിയമങ്ങളാണ് പിന്നീട് പരിഭാഷാപാഠങ്ങളിൽ സംഗ്രഹിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ അതിനിയമങ്ങളെ സംഗ്രഹിക്കുമ്പോൾ അവയുടെ സ്വീകാര്യതയിൽ തള്ളലും കൊള്ളലും ഉണ്ടായിട്ടുണ്ട് എന്നത് അതിനിയമങ്ങളുടെ വിവിധപാഠങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാവും.

## അതിനിയമങ്ങളുടെ പ്രയോജനങ്ങൾ

സാമാന്യമായി നാല് പ്രയോജനങ്ങളാണ് അതിനിയമങ്ങൾക്കുള്ളത് എന്നുപറയാം. ഒന്ന്, സൂത്രാർത്ഥം മനസ്സിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന തടസ്സങ്ങളെ ഒഴിവാക്കൽ. 'ങമോ ഹ്രസ്വാദചി ങമുണ്നിത്യം' (8.3.32) എന്ന സൂത്രത്തിൽ 'ങമഃ' എന്ന ആദ്യപദം പഞ്ചമീവിഭക്തിയിലാണ്. ഈ പഞ്ചമിയ്ക്ക് 'തസ്മാദിത്യുത്തരസ്യ' (1.1.67) എന്ന അതിനിയമംകൊണ്ട് 'ങ മിൽ നിന്ന് പരമായിട്ടുള്ളതിന്' എന്നർത്ഥം. ഇതനുസരിച്ച് പ്രത്യങ് ആത്മാ എന്നിവയുടെ സംഹിതയിൽ ങ മിൽ നിന്ന് പരമാകുന്നത് അച് ആയതുകൊണ്ട് ആ അച്ചിന് ങമുഡാഗമം വരും. ഇവിടെ പഞ്ചമീവിഭക്തിയുടെ അർത്ഥവൈശിഷ്ട്യംകൊണ്ട് അചി എന്ന സ്പതമ്യന്തപദത്തിന്റെ സ്പതമീവിഭക്ത്യർത്ഥത്തെ മാറ്റി അചിന് എന്ന് ഷഷ്ഠീവിഭക്ത്യർത്ഥം സ്വീകരിക്കേണ്ടതായി വന്നു. ഇനി അചി എന്ന സ്പതമിയ്ക്ക് അച് പരമായിരിക്കുമ്പോൾ പൂർവ്വത്തിന് കാര്യം വരും എന്നർത്ഥം 'തസ്മിന്നിതി നിർദിഷ്ടേ പൂർവസ്യ' (1.1.66) എന്ന അതിനിയമംകൊണ്ട് വരേണ്ടതാണല്ലോ. ഈ നിയമമാണ് ആശ്രയിക്കുന്നതെങ്കിൽ ഹ്രസ്വത്തിൽ നിന്നും പരമായ ങമന്തത്തിന് അച് പരമായിരിക്കുമ്പോൾ ങമുഡാഗമം വരും എന്നാവും സൂത്രാർത്ഥം. ഇതിൽ ഏത് അർത്ഥമാണ് സ്വീകരിക്കേണ്ടത് അഥവാ ഏതു അതിനിയമത്തെയാണ് ആശ്രയിക്കേണ്ടത് എന്ന് സ്വാഭാവികമായും സംശയിക്കാം. ഇവിടെ 'ഉഭയനിർദേശേ പഞ്ചമീനിർദേശോ ബലീയാൻ' എന്ന അതിനിയമം പ്രവർത്തിക്കുന്നു. ഇതനുസരിച്ച് പഞ്ചമീവിഭക്തിയെ നിമിത്തമാക്കുന്ന 'തസ്മാദിത്യുത്തരസ്യ' എന്ന അതിനിയമം പ്രസക്തമാകുന്നു. ഹ്രസ്വത്തിൽ നിന്ന് പരമായ ങമന്തമായ യാതൊരു പദമുണ്ടോ അതിൽനിന്ന് പരമായ അചിന് ങമുഡാഗമം വരും എന്ന് സൂത്രാർത്ഥം സിദ്ധിക്കുന്നു. ഇങ്ങനെ പ്രത്യങ് ആത്മാ എന്നീ പദങ്ങൾക്ക് സന്ധിവരുമ്പോൾ ങമുഡാഗമം വന്ന് പ്രത്യങ്ങാത്മാ എന്നാകുന്നു.

ലക്ഷ്യപ്രവൃത്തിയിലെ സംശയദൂരീകരണം മറ്റ് ചില അതിനിയമങ്ങളുടെ പ്രയോജനമാണ്. 'ആന്മഹതഃ സമാനാധികരണജാതീയയോഃ' (6.03.46) എന്ന സൂത്രം കൊണ്ട് സമാനാധികരണത്തിൽ ഉത്തരപദം പരമായിരിക്കുമ്പോഴും ജാതീയശബ്ദം പരമായിരിക്കുമ്പോഴും അന്ത്യത്തിന് ആത്വം വിധിക്കുന്നുണ്ട്. ഇതുകൊണ്ട് മഹാൻ ചാസൗ രാജാ ച എന്നത് സമസിക്കുമ്പോൾ മഹാരാജഃ എന്നാകുന്നു. എന്നാൽ മഹാനല്ലാത്തവൻ മഹാനായി ത്തീർന്നു എന്നർത്ഥത്തിൽ മഹത് ശബ്ദത്തിൽ നിന്ന് 'ച്വി' പ്രത്യയം വന്ന്

മഹദ്ഭൂതഃ എന്ന പദമുണ്ടാകുമ്പോൾ അവിടെയും ഉത്തരപദത്തെ നിമിത്ത മാക്കി മഹാഭൂതഃ എന്ന് ആത്വം വന്നുകൂടെ എന്ന് സംശയിക്കാം. ഇവിടെ 'ഗൗണമുഖ്യയോഃ മുഖ്യേ കാര്യസംപ്രത്യയഃ' എന്ന അതിനിയമം പ്രവർത്തി ക്കുന്നു. മഹദ്ഭൂതശബ്ദത്തിലെ മഹത് എന്ന പദം അതിന്റെ പ്രസിദ്ധാർത്ഥ ത്തിലുള്ളതല്ല, മറിച്ച് മഹത്ത്വമില്ലാത്തത് മഹത്തായി മാറിയ എന്ന അർത്ഥത്തെ പ്രതിനിധാനം ചെയ്യുന്നതാണ്. മഹാരാജഃ തുടങ്ങിയ സ്ഥല ങ്ങളിൽ മഹത്ശബ്ദത്തിന്റെ മുഖ്യാർത്ഥത്തിൽ/പ്രധാനാർത്ഥത്തിൽ പ്രയോഗം സാധ്യമായതുകൊണ്ട് പ്രധാനാർത്ഥത്തിൽ മാത്രമെ ആന്മഹത സൂത്രം പ്രവർത്തിക്കുകയുള്ളു എന്ന് മേൽപറഞ്ഞ അതിനിയമം ബോധി പ്പിക്കുന്നു. ഈ അതിനിയമത്തിന് സമാനസാഹചര്യത്തിൽ മറ്റ് സൂത്രങ്ങ ളുടെ വിഷയത്തിലും പ്രവർത്തിക്കാം.

ഒരു ലക്ഷ്യത്തിൽ ഒന്നിലധികം സൂത്രങ്ങൾക്ക് പ്രവർത്തിക്കാനുള്ള യോഗ്യത പല സന്ദർഭങ്ങളിലും ഉണ്ടാകുന്നുണ്ട്. ഇത്തരം അവസരങ്ങളിൽ ഏതു സൂത്രമാണ് അവിടെ പ്രവർത്തിക്കേണ്ടത് എന്ന ബലാബലബോധന മാണ് മറ്റു ചില അതിനിയമങ്ങളുടെ പ്രയോജനം. കർമ്മം ഉപപദമായുള്ള ധാതുവിൽനിന്നും 'അണ്' പ്രത്യയം വരും എന്ന് 'കർമണ്യണ്' (3.2.1) എന്ന സൂത്രവും കർമ്മം ഉപപദമായുള്ള ധാതു ആദന്തവും അനുപസർഗ്ഗവുമാ ണെങ്കിൽ 'ക' പ്രത്യയം വരും എന്ന് 'ആതോഽനുപസർഗേ കഃ' (3.2.3) എന്ന സൂത്രവും വിധിക്കുന്നു. ഗാം ദദാതി എന്ന വിഗ്രഹത്തിൽ ഗോശബ്ദം കർമ്മ മായിരിക്കെ ദാ എന്ന ആദന്തധാതുവിൽ നിന്ന് 'കർമണ്യണ്' പ്രവർത്തി ക്കുകയാണെങ്കിൽ 'അണ്' പ്രത്യയവും 'ആതോഽനുപസർഗേ കഃ' പ്രവർത്തി ക്കുകയാണെങ്കിൽ 'ക' പ്രത്യയവും ആണ് വരുക. ഈ രണ്ട് സൂത്രങ്ങൾക്കും നിമിത്തമുണ്ടെന്നതുകൊണ്ട് ഏത് പ്രവർത്തിക്കണം എന്ന പ്രശ്നമുയരു ന്നു. ഇതിന് പരിഹാരമുണ്ടാക്കിക്കൊണ്ട് 'യേന നാപ്രാപ്തേ യോ വിധിരാ രഭ്യതേ സ തസ്യ ബാധകോ ഭവതി' എന്ന അതിനിയമം പ്രവർത്തിക്കുന്നു. 'അണ്' പ്രത്യയം അദന്തധാതുക്കളിൽ നിന്നും അദന്തമല്ലാത്ത ധാതുക്ക ളിൽ നിന്നും ഉപസർഗ്ഗപൂർവ്വകത്തിൽ നിന്നും അനുപസർഗ്ഗത്തിൽ നിന്നും സാമാന്യമായി വരുന്നതുകൊണ്ട് അത് സാമാന്യവിധിയാണ്. ഈ വിധി എന്തുകൊണ്ടും പ്രവർത്തിക്കുമെന്നിരിക്കെ അതിന്റെ പ്രവൃത്തിലക്ഷ്യങ്ങ ളിൽ ചിലതിനുമാത്രം ബാധകമാകുന്ന മറ്റൊരുവിധി ആരംഭിക്കുന്നുവെങ്കിൽ ഇങ്ങനെ ആരംഭിക്കുന്ന വിധി സാമാന്യവിധിയെ ബാധിച്ചുകൊണ്ട് പ്രവർത്തി ക്കുന്നു എന്നാണ് ഈ അതിനിയമംകൊണ്ട് പറയുന്നത്. ഇതനുസരിച്ച് കപ്ര ത്യയം പ്രവർത്തിച്ച് ഗോദഃ എന്ന രൂപം ഉണ്ടാകുന്നു. 'വർണാദാങ്ഗം ബലീയഃ' തുടങ്ങി ബലാബലനിയാമകങ്ങളായ അതിനിയമങ്ങൾ ധാരാളം ഉണ്ട്. ശാസ്ത്രതത്ത്വങ്ങളെ സാമാന്യമായി ബോധിപ്പിക്കുന്ന അതിനിയമ ങ്ങളുമുണ്ട്. 'കാര്യകാലം സംജ്ഞാപരിഭാഷം,' 'യഥോദ്ദേശം സംജ്ഞാപ രിഭാഷം' 'അനുബന്ധാഃ ഏകാന്താഃ,' 'അനുബന്ധാഃ അനേകാന്താഃ' തുട ങ്ങിയവ ഉദാഹരണങ്ങളാണ്.

## അതിനിയമങ്ങൾ - പലതരം വിഭാഗങ്ങൾ

പാണിനീയസൂത്രരൂപത്തിലുള്ള അതിനിയമങ്ങളെ വാചനികങ്ങൾ എന്നു പറയുന്നു. വാചനികങ്ങളെ കൂടാതെ ജ്ഞാപകസിദ്ധങ്ങൾ, ന്യായസിദ്ധ ങ്ങൾ എന്നീ രണ്ടുവിഭാഗങ്ങൾ കൂടി അതിനിയമങ്ങൾക്കുണ്ട്. സൂത്രത്തിലെ ചില പ്രയോഗങ്ങൾകൊണ്ട് ബോധിപ്പിക്കപ്പെടുന്ന അതിനിയമങ്ങളെയാണ് ജ്ഞാപകസിദ്ധങ്ങൾ എന്നുപറയുന്നത്. 'കുമാരഃ ശ്രമണാദിഭിഃ' (2.1.70) എന്ന സൂത്രം കൊണ്ട് കുമാരശബ്ദം ശ്രമണാദിഗണത്തിൽ പഠിച്ച ശബ്ദ ങ്ങളുമായി സമസിക്കുന്നു. ഇത് കർമ്മധാരയസമാസമാണ്. ശ്രമണാദിഗ ണത്തിൽ പഠിച്ച ശ്രമണാ, പ്രവ്രജിതാ തുടങ്ങിയ ശബ്ദങ്ങൾ സ്ത്രീലിംഗ ശബ്ദങ്ങൾ ആയതുകൊണ്ട് ഇവയുമായി കുമാരീ എന്ന സ്ത്രീലിംഗശബ്ദ ത്തിനേ സമസിക്കാനാകൂ. സമാനാധികരണാധികാരത്തിലാണ് ഈ സൂത്രം വരുന്നത് എന്നതുകൊണ്ടാണത്. 'കുമാരഃ ശ്രമണാദിഭിഃ' എന്ന സൂത്രം സാർ ത്ഥകമാകണമെങ്കിൽ അതിൽ സ്ത്രീലിംഗത്തിലുള്ള ശബ്ദങ്ങളുമായി കുമാ രീശബ്ദവും പുല്ലിംഗത്തിലുള്ള ശബ്ദങ്ങളുമായി കുമാരഃ എന്ന ശബ്ദവും സമസിക്കണം. പാണിനീയസൂത്രം നിരർത്ഥകമാകില്ല എന്നതുകൊണ്ട് ഈ സൂത്രത്തിലെ കുമാരശബ്ദം സൂത്രങ്ങളിൽ പ്രാതിപദികത്തെ ഗ്രഹിക്കു മ്പോൾ ലിംഗവിശിഷ്ടമായി ഗ്രഹിക്കാം എന്ന് ജ്ഞാപിപ്പിക്കുന്നു. അതു കൊണ്ടുതന്നെ കുമാരീ ശ്രമണാ, കുമാരശ്രമണാ എന്നും, കുമാരഃ അധ്യാ പകഃ, കുമാരാധ്യാപകഃ എന്നും സമാസം. ചില അതിനിയമങ്ങൾ ലോകത ത്ത്വങ്ങളെ/ന്യായങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്. ഇവയെ ന്യായസി ദ്ധങ്ങളായ അതിനിയമങ്ങൾ എന്നു പറയുന്നു. 'ഏകദേശവികൃതമനന്യവത്' എന്ന് ഉദാഹരണം. അവയവിയുടെ ഒരു ചെറിയ അവയവത്തിന് എന്തെ ങ്കിലും മാറ്റം വന്നാലും അതിന്റെ തനതുഭാവം/അതെന്ന അവസ്ഥ നഷ്ട പ്പെടുന്നില്ല എന്നാണ് ഈ അതിനിയമം പറയുന്നത്. ഈ അതിനിയമത്തി നടിസ്ഥാനം 'നായയുടെ വാലുമുറിഞ്ഞാലും നായ നായയല്ലാതാകുന്നില്ല' എന്ന ലൗകികന്യായമാണ്. ഈ അതിനിയമത്തെ ആശ്രയിച്ചാണ് ലോട്ല കാരത്തിന്റെ പ്രഥമപുരുഷൈകവചനത്തിൽ 'ഏരുഃ'(3.4.86) എന്ന സൂത്രം കൊണ്ട് ഭവതി എന്നത് ഭവതു എന്നതായി മാറിയാലും ആ പദത്തിന്റെ തിങന്തത്വം നിലനിർത്തുന്നത്. ഇത്തരത്തിൽ വാചനികം, ജ്ഞാപകസിദ്ധം, ന്യായസിദ്ധം എന്ന വിഭജനം അതിനിയമങ്ങളുടെ ഉത്പത്തിയുമായി ബന്ധ പ്പെട്ട വിഭജനമാണ്.

സ്വഭാവത്തെ അടിസ്ഥാനമാക്കിയും അതിനിയമങ്ങളെ വിഭജിക്കാറുണ്ട്. നാഗേശഭട്ടൻ, ശാസ്ത്രത്വസമ്പാദകങ്ങൾ, ബാധബീജകഥനനിയമങ്ങൾ, ശേഷാർത്ഥകഥനനിയമങ്ങൾ എന്ന് മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. സൂത്രത്തിലെ പദങ്ങളേയും പദാർത്ഥങ്ങളേയും സംബന്ധിക്കുന്ന സംശയ വാരണം, സൂത്രങ്ങളുടെ ലക്ഷ്യപ്രവൃത്തിയിലുള്ള സംശയവാരണം എന്നി വയ്ക്കുവേണ്ടിയുള്ള അതിനിയമങ്ങൾ ആദ്യത്തെ വിഭാഗത്തിലുൾപ്പെടുന്നു. മാഹേശ്വരസൂത്രങ്ങളിൽ 'അഇഉണ്', 'ലണ്' എന്നീ രണ്ടു സൂത്രങ്ങളിൽ

ണകാരം ആവർത്തിച്ചുവരുന്നതുകൊണ്ട് 'അണ്' പ്രത്യാഹാരത്തിൽ ഏതൊക്കെ വർണ്ണങ്ങൾ ഉൾകൊള്ളുന്നു എന്ന സംശയം വരാം. ഇങ്ങനെ സംശയം വരുമ്പോൾ വ്യാഖ്യാനങ്ങളെ ആശ്രയിക്കാം എന്നുപറയുന്ന 'വ്യാഖ്യാനതോ വിശേഷപ്രതിപത്തിഃ ന ഹി സന്ദേഹാദലക്ഷണം' എന്ന അതിനിയമം ഇതിനുദാഹരണം. ഒരേ ലക്ഷ്യത്തിൽ ഒന്നിലധികം സൂത്രങ്ങൾക്ക് പ്രവൃത്തിയോഗ്യത ഉണ്ടാകുമ്പോൾ പ്രത്യേകസൂത്രത്തിന് പ്രാബല്യം നിശ്ചയിക്കുന്ന അതിനിയമങ്ങളാണ് രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നത്. 'പൂർവപരനിത്യാന്തരംഗാപവാദാനാം ഉത്തരോത്തരം ബലീയഃ' എന്നത് ഉദാഹരണം. മുമ്പുപറഞ്ഞ രണ്ടുഗണത്തിലും പെടാത്തത് ശേഷാർത്ഥകഥനനിയമങ്ങൾ എന്നു പറയുന്നു. 'അഭേദകാഃ ഗുണാഃ' എന്നത് ഉദാഹരണം. സൂത്രാർഥോപപാദകനിയമങ്ങൾ, ശബ്ദരൂപോപപാദകനിയമങ്ങൾ, ഉഭയോപപാദകനിയമങ്ങൾ, അവശിഷ്ടനിയമങ്ങൾ എന്ന് നാലായി തിരിക്കുന്ന രീതിയുമുണ്ട്. ഇങ്ങനെ പല ഗ്രന്ഥകാരന്മാരും അതിനിയമങ്ങളുടെ സ്വഭാവത്തിനും പ്രയോജനത്തിനുമനുസരിച്ച് വിഭാഗം ചെയ്ത് അവയെ പരിചയപ്പെടുത്തുകയോ വിശകലനം ചെയ്യുകയോ ചെയ്തിട്ടുണ്ട്.

പല കാലങ്ങളിലായി ഉണ്ടായിട്ടുള്ള ഇത്തരം ഗ്രന്ഥങ്ങളുടെ ബൃഹത്തായ ഒരു സഞ്ചയം സംസ്കൃതവ്യാകരണത്തിനുണ്ടായിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്താം.

## അതിനിയമങ്ങളുടെ സമാഹാരഗ്രന്ഥങ്ങളും അവയുടെ വ്യാഖ്യാനങ്ങളും

പല കാലങ്ങളിലായി രൂപംകൊണ്ട അതിനിയമങ്ങളെ സമാഹരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഇരുപതിലധികം ഗ്രന്ഥങ്ങൾ ലഭ്യമാണ്. കെ. വി. അഭ്യങ്കർ വ്യാഖ്യാനത്തോടുകൂടിയതും അല്ലാത്തതുമായ 18 അതിനിയമപാഠങ്ങൾ ചേർത്ത് *പരിഭാഷാസംഗ്രഹം* എന്ന പേരിൽ ഭണ്ഡാർക്കർ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ വ്യാഡി, പുരുഷോത്തമദേവൻ, സീരദേവൻ തുടങ്ങിയവരുടെ പാണിനീയാതിനിയമപാഠങ്ങളും *ചാന്ദ്രം, ശാകടായനം, കാതന്ത്രം* തുടങ്ങിയ പാണിനീയേതരവ്യാകരണങ്ങളുടെ അതിനിയമപാഠങ്ങളുമുണ്ട്. ഇതിൽപെടാത്ത അതിനിയമങ്ങൾ വേറെയുമുണ്ട്. ഒന്ന് *സുപദ്മവ്യാകരണ*ത്തിന്റെ കർത്താവായ പദ്മനാഭദത്തൻ രചിച്ച പരിഭാഷാവൃത്തിയാണ്. ഇത് പ്രകാശിതമല്ല. മറ്റൊന്ന്, മേൽപുത്തൂർ നാരായണഭട്ടതിരി *പ്രക്രിയാസർവ്വസ്വ*ത്തിൽ ന്യായഖണ്ഡമെന്ന അദ്ധ്യായത്തിൽ ചേർത്തിട്ടുള്ള അതിനിയമപാഠമാണ്. *പരിഭാഷാപ്രദീപാർചിഃ* എന്ന പേരിൽ ഉദയങ്കരൻ രചിച്ച പരിഭാഷാപാഠവും അതിന്റെ വ്യാഖ്യാനവും പ്രകാശിതമാണ്. ഇത്തരത്തിൽ പ്രകാശിതങ്ങളും അപ്രകാശിതങ്ങളുമായ വേറെയും അതിനിയമപാഠങ്ങൾ ഉണ്ടാവാം. ഇവിടെ പാണനീയസമ്പ്രദായത്തിലുണ്ടായിട്ടുള്ള അതിനിയമഗ്രന്ഥങ്ങളെയും അപാണിനീയസമ്പ്രദായത്തിലുണ്ടായിട്ടുള്ള ഗ്രന്ഥങ്ങളെയും വെവ്വേറെ അവതരിപ്പിക്കാം.

## പാണിനീയസമ്പ്രദായത്തിലെ അതിനിയമഗ്രന്ഥങ്ങൾ

ഇന്ന് ലഭ്യമായിട്ടുള്ളതിൽവച്ചേറ്റവും പഴക്കമേറിയ അതിനിയമസമാഹാരം വ്യാഡിയുടെ *പരിഭാഷാസൂചന*മാണ്. ഗാർഗ്യൻ, ശാകല്യൻ, ശാകടായനൻ തുടങ്ങി പല പൂർവ്വാചാര്യന്മാരെയും പാണിനി *അഷ്ടാധ്യായി*യിൽ പരാമർശിച്ചിട്ടുണ്ട്. എന്നാലവരുടെ കൂട്ടത്തിലൊന്നും വ്യാഡിയെന്ന ആചാര്യനാമം കാണാത്തതുകൊണ്ട് ഇദ്ദേഹത്തിന്റെ കാലം പാണിനിയ്ക്ക് ശേഷമായിരിക്കാം എന്നു വിശ്വസിക്കുന്നു. *മഹാഭാഷ്യ*ത്തിൽ പതഞ്ജലി വ്യാഡികൃതമായ *സംഗ്രഹം* എന്ന ഗ്രന്ഥത്തെ പരാമർശിക്കുന്നുണ്ട്. അതുകൊണ്ട് പതഞ്ജലിയ്ക്ക് മുമ്പ് ആണ് ഇദ്ദേഹം ജീവിച്ചിരുന്നത് എന്നും കണക്കാക്കാം. കൂടുതൽ തെളിവുകളുടെ അഭാവത്തിൽ അത്രയും മാത്രമെ വ്യാഡിയുടെ കാലത്തെക്കുറിച്ച് പറയാനാവൂ. 93 അതിനിയമങ്ങളാണ് *പരിഭാഷാസൂചന*ത്തിൽ സമാഹരിച്ചിട്ടുള്ളത്. ഇവയ്ക്ക് വ്യാഖ്യാനവും കൊടുത്തിട്ടുണ്ട്. *വ്യാഡിപരിഭാഷാപാഠം* എന്ന പേരിൽ 140 നിയമങ്ങളുടെ മറ്റൊരു സമാഹാരവും ലഭ്യമാണ്. *പരിഭാഷാസൂചന*ത്തിലെ 93 നിയമങ്ങൾ ആദ്യം കൊടുത്തിരിക്കുന്നു. തുടർന്ന് 47 അതിനിയമങ്ങൾ കൂടി ഇതിൽ ചേർത്തിട്ടുണ്ട്. ഇത് പിന്നീട് മറ്റുപലരും ചേർത്തതാവാമെന്നാണ് പണ്ഡിതർ അഭിപ്രായപ്പെടുന്നത്. ഇതിൽ വ്യാഖ്യാനമില്ല. ഈ രണ്ടു പാഠങ്ങളിലേയും അതിനിയമങ്ങൾ പാണിനീയസൂത്രങ്ങൾ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ടാണിതിനെ പാണിനീയസമ്പ്രദായത്തിലെ അതിനിയമഗ്രന്ഥമെന്ന് വിശേഷിപ്പിച്ചത്. ഇതുപോലെ പുരുഷോത്തമദേവൻ, സീരദേവൻ തുടങ്ങിയവർ രചിച്ച ഗ്രന്ഥങ്ങളുമുണ്ട്.

120 അതിനിയമങ്ങളുടെ സമാഹാരമാണ് പുരുഷോത്തമദേവൻ രചിച്ച *ലഘുപരിഭാഷാവൃത്തി*യിലുള്ളത്. പുരുഷോത്തമദേവന്റെ തന്നെ വ്യാഖ്യാനവും ഇതിലുണ്ട്. ഇദ്ദേഹം പന്ത്രണ്ടാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്. ബുദ്ധമതാനുയായിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു. *വ്യാഡിപരിഭാഷാസൂചന*ത്തിലെ അതിനിയമങ്ങളുടെ ക്രമം ഒട്ടൊക്കെ ഇതിൽ പിന്തുടർന്നിട്ടുണ്ട്. പുരുഷോത്തമദേവൻ രചിച്ച മറ്റൊരു ഗ്രന്ഥമാണ് *ഭാഷാവൃത്തി*. ഇതിന്റെ അവസാനത്തിൽ 95 അതിനിയമങ്ങളുടെ പട്ടിക കൊടുത്തിട്ടുണ്ട്. ഇതിനെ പരിഭാഷാപാഠം എന്നുപറയുന്നു. ഇതിലെ ക്രമം *ലഘുപരിഭാഷാവൃത്തി*യിലെ ക്രമത്തിൽ നിന്നും വ്യത്യസ്തമാണ്. വിഭാഗങ്ങളായി തിരിക്കാതെയാണ് ഈ 95 നിയമങ്ങൾ കൊടുത്തിട്ടുള്ളതെങ്കിലും ആദ്യത്തെ നിയമങ്ങൾ ശാസ്ത്രത്വപ്രതിപാദകങ്ങളാണ്. പിന്നീട് ബലാബലനിയമങ്ങൾ ചേർത്തിരിക്കുന്നു. ഈ രണ്ടു വിഭാഗത്തിലും പെടുത്താനാവാത്തത് അവസാനം ചേർത്തിരിക്കുന്നതായും കാണാം.

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന സീരദേവൻ രചിച്ച *ബൃഹദ്പരിഭാഷാവൃത്തി*, *ലഘുപരിഭാഷാവൃത്തി*ക്കുശേഷമുണ്ടായ ഗ്രന്ഥമാണ്. ഇതിന്റെ വ്യാഖ്യാനം വളരെ പ്രൗഢമാണ്. 130 അതിനിയമങ്ങളാണ് ഇതിലുള്ളത്. *മഹാഭാഷ്യ*ത്തിൽ ഈ നിയമങ്ങൾ പ്രതിപാദിച്ചിരി

ക്കുന്നതനുസരിച്ചാണ് ഇതിലെ അതിനിയമങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. പതിനെട്ടാം നൂറ്റാണ്ടിൽ നാഗേശഭട്ടന്റെ *പരിഭാഷേന്ദുശേഖരം* രചിക്കപ്പെടുന്നതുവരെ *ബൃഹത്പരിഭാഷാവൃത്തി*യായിരുന്നു അതിനിയമങ്ങളെ സംബന്ധിക്കുന്ന ആധികാരികഗ്രന്ഥം.

കേരളീയനായ മേൽപുത്തൂർ നാരായണഭട്ടതിരി എഴുതിയ *പ്രക്രിയാസർവസ്വം* എന്ന 20 ഖണ്ഡങ്ങളുള്ള *അഷ്ടാധ്യായീവ്യാഖ്യാന*ത്തിലെ ഒരു ഖണ്ഡം ന്യായഖണ്ഡം എന്നാണ് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്. പാണിനിപ്രണീതേതരാതിനിയമം എന്ന അർത്ഥത്തിലാണ് ഭട്ടതിരി ന്യായശബ്ദം പ്രയോഗിച്ചിട്ടുള്ളത്. ഇതിൽ 121 അതിനിയമങ്ങൾ വളറെ ചെറിയ വ്യാഖ്യാനത്തോടുകൂടി സമാഹരിച്ചിട്ടുണ്ട്. ഭോജനെ മാതൃകയാക്കിയാണ് ഇത് ചെയ്യുന്നതെന്ന് ഖണ്ഡത്തിന്റെ ആരംഭത്തിൽ പ്രസ്താവിക്കുന്നുണ്ടെങ്കിലും ഭോജവ്യാകരണത്തിൽ നിന്നുമാത്രമല്ല, ചാന്ദ്രം, ശാകടായനം, ഹൈമചന്ദ്രം തുടങ്ങിയ വ്യാകരണങ്ങളിൽ നിന്നും അതിനിയമങ്ങൾ സ്വീകരിച്ച് ഇതിൽ സമാഹരിച്ചിട്ടുണ്ടെന്നു കാണാം. ഏ.ഡി. 1617ലാണ് ഈ കൃതി രചിക്കപ്പെട്ടതെന്ന് കണക്കാക്കിയിട്ടുണ്ട്.

ഭട്ടോജിദീക്ഷിതരുടെ *വൈയാകരണസിദ്ധാന്തകൗമുദിയ്ക്ക് തത്ത്വബോധിനീ*വ്യാഖ്യാനമെഴുതിയ ജ്ഞാനേന്ദ്രസരസ്വതിയുടെ ശിഷ്യനായിരുന്ന നീലകണ്ഠദീക്ഷിതർ (പതിനേഴാം നൂറ്റാണ്ട്) *പരിഭാഷാവൃത്തി* എന്ന ഗ്രന്ഥം രചിച്ചിട്ടുണ്ട്. 140 അതിനിയമങ്ങൾ സമാഹരിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട് ഇതിൽ. *ബൃഹത്പരിഭാഷാവൃത്തി*യിലെ ക്രമം ഇവിടെയും സ്വീകരിച്ചുകാണുന്നു. ലഘുവും ലളിതവും ആയ വ്യാഖ്യാനമാണിത്.

*ബൃഹത്പരിഭാഷാവൃത്തി*യിലെ ക്രമം അനുസരിച്ചുതന്നെ അതിനിയമങ്ങളെ സമാഹരിച്ചിട്ടുള്ള മറ്റൊരു കൃതിയാണ് ഹരിഭാസ്കരന്റെ *പരിഭാഷാഭാസ്കരം*. പതിനേഴാംനൂറ്റാണ്ടിൽ നീലകണ്ഠദീക്ഷിതർക്കു ശേഷം ജീവിച്ചിരുന്ന പണ്ഡിതനാണ് ഹരിഭാസ്കരൻ. 132 അതിനിയമങ്ങളാണ് ഇതിലുള്ളത്.

പ്രസ്തുതവിഷയത്തിൽ ഇന്ന് ഏറ്റവും ആധികാരികമായി കണക്കാക്കുന്ന ഗ്രന്ഥം നാഗേശഭട്ടന്റെ *പരിഭാഷേന്ദുശേഖര*മാണ്. പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിലും പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായിട്ടാണ് നാഗേശന്റെ കാലം. *പരിഭാഷേന്ദുശേഖര*ത്തിന്റെ ആവിർഭാവത്തിനുശേഷം അതിനുമുമ്പുള്ള അതിനിയമഗ്രന്ഥങ്ങളെല്ലാം നിഷ്പ്രഭങ്ങളായി. നാഗേശന്റെ വ്യാഖ്യാനശൈലി വൈശിഷ്ട്യപൂർണ്ണവും പ്രൗഢവുമാണ്. 133 അതിനിയമങ്ങളാണ് ഇതിലുള്ളത്. വിഷയസ്വഭാവമനുസരിച്ച് ഈ അതിനിയമങ്ങളെ മൂന്ന് വിഭാഗങ്ങളാക്കിയിട്ടുണ്ട് ഈ ഗ്രന്ഥത്തിൽ. ആദ്യത്തെ വിഭാഗം ശാസ്ത്രസമ്പാദകനിയമങ്ങൾ എന്നും രണ്ടാമത്തേത് ബാധബീജകഥനനിയമങ്ങൾ എന്നും മൂന്നാമത്തേത് ശേഷാർഥകഥനനിയമങ്ങൾ എന്നും നാമകരണം ചെയ്തിരിക്കുന്നു. ഈ വിഷയവിഭജനം പുരുഷോത്തമദേവന്റെ പരിഭാഷാപാഠത്തിലെ ക്രമത്തെ അവലംബിച്ചുള്ളതാണ്. *പരിഭാഷേന്ദുശേ*

*ഖര*ത്തിന് മുപ്പതിലധികം വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ട് എന്നത് അതിന്റെ പ്രാധാന്യത്തെ എടുത്തുകാണിക്കുന്നു. നാഗേശഭട്ടന്റെ ശിഷ്യനായ വൈദ്യനാഥപായഗുൺഡെ *ഗദ* എന്ന വ്യാഖാനം എഴുതിയിട്ടുണ്ട്. വൈദ്യനാഥപായഗുൺഡെയുടെ ശിഷ്യനായ ഭൈരവമിശ്രന്റെ *ഭൈരവി*, ശിഷ്യപരമ്പരയിൽ പെട്ട ജയദേവമിശ്രന്റെ *വിജയ*, താത്യാശാസ്ത്രിയുടെ *ഭൂതി*, ഗണപതി ശാസ്ത്രി മൊകാടെയുടെ *തത്ത്വപ്രകാശിക*, വാസുദേവശാസ്ത്രി അഭ്യങ്കരിന്റെ *തത്ത്വാദർശം* തുടങ്ങിയവയാണവ. എഫ്. കീൽഹോണിന്റെ ഇംഗ്ലീഷ് വിവർത്തനത്തോടുകൂടിയ എഡിഷനും ഇതിനുണ്ട്.

നാഗേശനുശേഷം ഏതാണ്ട് 250 വർഷങ്ങളുടെ ഇടവേളകളിൽ *പരിഭാഷേന്ദുശേഖര*ത്തിന്റെ വ്യാഖ്യാനഗ്രന്ഥങ്ങളാണ് കൂടുതലായും ഉണ്ടായത്. ശേഷാദ്രിസുധി രചിച്ച *പരിഭാഷാഭാസ്കര*മെന്ന കൃതിയാണ് പിന്നീട് ഇത്തരത്തിലുള്ള ഒരു സ്വതന്ത്രകൃതി. *പരിഭാഷേന്ദുശേഖര*ത്തിലെ പല അഭിപ്രായങ്ങളെയും ഖണ്ഡിച്ചുകൊണ്ടുള്ള ബൃഹത്തായ ഒരു ഗ്രന്ഥമാണിത്. എങ്കിൽപ്പോലും *പരിഭാഷേന്ദുശേഖര*ത്തിന്റെ പ്രഭാവത്തെ അല്പംപോലും നിഷ്പ്രഭമാക്കുവാൻ ഈ ഗ്രന്ഥത്തിനായിട്ടില്ല. 111 അതിനിയമങ്ങളാണ് ഇതിൽ സമാഹരിച്ച് വ്യാഖ്യാനിച്ചിട്ടുള്ളത്. *പരിഭാഷേന്ദുശേഖര*ത്തിലെ ക്രമം തന്നെയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്.

ഈ കാലഘട്ടത്തിൽ തന്നെ ചാന്ദ്രശാകടായനാദി പാണിനീയേതരവ്യാകരണങ്ങളും രചിക്കപ്പെട്ടു. അവയിലെ വ്യാകരണസൂത്രങ്ങൾക്കാവശ്യമായ അതിനിയമങ്ങൾ ഈ വ്യാകരണസമ്പ്രദായങ്ങളിലും ഉണ്ടായിട്ടുണ്ട്. അവ പരിഭാഷാപാഠങ്ങളെന്ന പേരിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്. ചിലതിനെല്ലാം വ്യാഖ്യാനങ്ങളുമുണ്ടായിട്ടുണ്ട്. ഇവയെക്കുറിച്ചും പരാമർശിക്കേണ്ടതുണ്ട്.

## പാണിനീയേതരവ്യാകരണങ്ങളിലെ അതിനിയമസമാഹാരങ്ങളും വ്യാഖ്യാനങ്ങളും

ചാന്ദ്രവ്യാകരണവും ശാകടായനവ്യാകരണവും പാണിനിയ്ക്ക് മുമ്പു തന്നെ ഉണ്ടായവയാണ് എന്ന് വിശ്വസിക്കപ്പെടുന്നു. എന്നാൽ ഇന്ന് ലഭ്യമായിട്ടുള്ള ചാന്ദ്രവ്യാകരണവും ശാകടായനവ്യാകരണവും പാണിനിക്ക് ശേഷം രചിക്കപ്പെട്ടവയാണ്. ചാന്ദ്രവ്യാകരണം ഏ.ഡി അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചാന്ദ്രാചാര്യർ (ചന്ദ്രഗോമി) എഴുതിയിട്ടുള്ളതാണ്. ശാകടായന വ്യാകരണമാകട്ടെ ഒമ്പതാം നൂറ്റാണ്ടിൽ ജൈനമതാനുയായി ആയിരുന്ന പാല്യകീർത്തിശാകടായനൻ രചിച്ചിട്ടുള്ളതാണ്. ഈ രണ്ടു വ്യാകരണത്തിനും അതിനിയമപാഠങ്ങൾ ഉണ്ട്. ഈ പാഠങ്ങളുടെ പഠനം നടത്തിയ കെ.വി. അഭ്യങ്കർ ഇതിൽ ഏറ്റവും പഴക്കം ശാകടായന-അതിനിയമപാഠത്തിനാണെന്ന് പറയുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ശാകടായന- അതിനിയമപാഠത്തിൽ പാല്യകീർത്തിയുടെ ശാകടായനസൂത്രങ്ങളിലുപയോഗിച്ചതിൽനിന്നും വ്യത്യസ്തമായതും കുറച്ചുകൂടി പ്രാചീനകാലത്ത് ഉപയോഗത്തിൽ കണ്ടിരുന്നതുമായ സാങ്കേതികസംജ്ഞകളാണ് ഉപയോ

ഗിച്ചിട്ടുള്ളത്. ഉദാഹരണത്തിന്, വിപ്രതിഷേധശബ്ദത്തിന്റെ സ്ഥാനത്ത് സ്പർധ എന്നും അഭ്യാസവികാരം എന്നതിന്റെ സ്ഥാനത്ത് ദ്വിർഭാവം എന്നും ലുക്-ന്റെ സ്ഥാനത്ത് ശ്ലുക് എന്നുമാണ് പ്രയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് പാണിനിപൂർവ്വവർത്തിയായ ശാകടായനവ്യാകരണത്തെ അടിസ്ഥാനമാക്കിയും *വ്യാഡിപരിഭാഷാസൂചന*ത്തിനുശേഷം അതിനെ മാതൃകയാക്കിയും ഏതോ പണ്ഡിതൻ തയ്യാറാക്കിയതാണ് ഈ പാഠം. ഈ അതിനിയമപാഠത്തിൽ 95 നിയമങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ചാന്ദ്ര-അതിനിയമപാഠത്തിൽ 86 നിയമങ്ങളാണുള്ളത്. *വ്യാഡിപരിഭാഷാസൂചന*ത്തിൽ ഇല്ലാത്തതും ശാകടായനപരിഭാഷാപാഠത്തിൽ ഉള്ളതുമായ നിയമങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. മുൻപാഠങ്ങളിൽ ഇല്ലാത്ത പല ഭാഷ്യവചനങ്ങളും ഇതിൽ അതിനിയമമായി സ്വീകരിച്ചുകാണുന്നു. കൂടാതെ 'വിവക്ഷാതഃ കാരകാണി' തുടങ്ങിയ ചില സാമാന്യനിയമങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ശാതവാഹനരാജാവിന്റെ നിർദ്ദേശമനുസരിച്ച് സർവവർമൻ രചിച്ചതാണ് *കാതന്ത്രവ്യാകരണം*. ഇതിന് ഇന്നു ലഭ്യമായ ചില എഡിഷനുകളുടെ അവസാനത്തിൽ പരിഭാഷാപാഠം കൊടുത്തിട്ടുണ്ട്. പക്ഷെ അതിന്റെ കർത്താവ് സർവ്വവർമ്മൻ തന്നെയാണെന്ന് പറയാനാവില്ല. പിന്നീട് ചേർത്തവയാവാനാണ് സാധ്യത. ഈ പാഠത്തിൽ 96 അതിനിയമങ്ങളുണ്ട്. ഈ അതിനിയമപാഠത്തിന് രണ്ട് വ്യാഖ്യാനങ്ങൾ ഉണ്ട്. ഒമ്പതാം നൂറ്റാണ്ടിൽ ദുർഗസിംഹൻ രചിച്ച *കാതന്ത്രപരിഭാഷാസൂത്രവൃത്തി*യാണ് അതിലൊന്ന്. ഇതിൽ 94 നിയമങ്ങളെ മാത്രമെ വ്യാഖ്യാനിച്ചിട്ടുള്ളു. *കാതന്ത്രപരിഭാഷാപാഠ*ത്തിന്റെ ക്രമം അനുവർത്തിച്ചിട്ടുണ്ട്. ഭാവമിശ്രന്റെ *കാതന്ത്രപരിഭാഷാസൂത്രവൃത്തി*യാണ് മറ്റേത്. ഭാവമിശ്രന്റെ കാലത്തെക്കുറിച്ച് അറിവൊന്നുമില്ല. 62 പരിഭാഷകളാണ് ഇതിൽ വ്യാഖ്യാനിച്ചിട്ടുള്ളത്. *കാതന്ത്രപരിഭാഷാപാഠ*ത്തിലെ ക്രമം വിട്ട് *വ്യാഡിപരിഭാഷാസൂചന*ത്തിലെ ക്രമത്തിലാണ് ഇതിലെ അതിനിയമങ്ങൾ. *വ്യാഡിപരിഭാഷാസൂചന*ത്തിലെ ചില നിയമങ്ങൾ ഇതിൽ സ്വീകരിച്ച് കാതന്ത്രസൂത്രങ്ങൾക്കനുസരിച്ച് അവയെ വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്.

പതിനൊന്നാം നൂറ്റാണ്ടിൽ മാളവദേശത്തിലെ രാജാവായിരുന്ന ഭോജൻ *സരസ്വതീകണ്ഠാഭരണം* എന്ന പേരിൽ രണ്ട് കൃതികൾ രചിച്ചിട്ടുണ്ട്. ഒന്ന് സാഹിത്യശാസ്ത്രം പ്രതിപാദിക്കുന്നതും മറ്റേത് വ്യാകരണപ്രതിപാദകവുമാണ്. വ്യാകരണകൃതിയായ *സരസ്വതീകണ്ഠാഭരണ*ത്തിൽ 6000ത്തോളം സൂത്രങ്ങളുണ്ട്. അദ്ധ്യായങ്ങളും അദ്ധ്യായങ്ങളെ പാദങ്ങളും ആയി തിരിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിലെ ഒന്നാം അദ്ധ്യായത്തിന്റെ രണ്ടാം പാദം അതിനിയമങ്ങളുടേതാണ്. 118 അതിനിയമങ്ങളാണ് ഇതിലുള്ളത്. *സരസ്വതീകണ്ഠാഭരണ*ത്തിന് ദണ്ഡനാഥൻ *ഹൃദയഹാരിണീ* എന്ന പേരിലുള്ള വ്യാഖ്യാനം എഴുതിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ 118 അതിനിയമങ്ങളെയും *ഹൃദയഹാരിണീവ്യാഖ്യാന*ത്തോടെ മനസ്സിലാക്കുവാൻ സാധ്യമാണ്.

ഹേമചന്ദ്രൻ എന്ന ജൈനസന്യാസി രചിച്ചതാണ് *സിദ്ധഹൈമശബ്ദാനുശാസനം*. ഏ.ഡി. 1038 മുതൽ 1172വരെയാണ് ഹേമചന്ദ്രന്റെ ജീവിതകാലം. *സിദ്ധഹൈമശബ്ദാനുശാസന*ത്തിന് *ബൃഹദ്വൃത്തി* എന്ന വ്യാഖ്യാനവും ഹേമചന്ദ്രൻ എഴുതിയിട്ടുണ്ട്. *ബൃഹദ്വൃത്തി*യുടെ അവസാനം 57 അതിനിയമങ്ങളുടെ പട്ടിക ചേർത്തിട്ടുണ്ട്. ഭോജൻ തുടങ്ങിയ മുൻവൈയാകരണന്മാരുടെ അതിനിയമങ്ങൾ ഇതിലേക്ക് സ്വീകരിച്ചിട്ടുണ്ട്. പിന്നീട് അദ്ദേഹത്തിന്റെ മതാനുയായിയായിരുന്ന ഹേമഹംസഗണി ഹൈമചന്ദ്രവ്യാകരണത്തിന് ഉപയോഗപ്പെടുന്ന അതിനിയമങ്ങൾ *ന്യായസംഗ്രഹം* എന്ന പേരിൽ സമാഹരിച്ചിട്ടുണ്ട്. *ബൃഹദ്വൃത്തി*യിലെ 57 അതിനിയമങ്ങളും ഇതിനുപുറമെ 65 പൂർവ്വാചാര്യകൃതങ്ങളായ അതിനിയമങ്ങളും ഇതിലുണ്ട്. അതുകൂടാതെ ഏറ്റവുമൊടുവിൽ അത്യന്താപേക്ഷിതങ്ങൾ അല്ലെന്ന സൂചനയോടെ 18 നിയമങ്ങൾ കൂടി ചേർത്തിരിക്കുന്നു. ഇതെല്ലാം ചേർത്ത് 140 അതിനിയമങ്ങളും അവയുടെ വ്യാഖ്യാനവും ആണ് *ന്യായസംഗ്രഹ*ത്തിലുള്ളത്.

ഏ.ഡി. അഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ജൈനേന്ദ്രവ്യാകരണം രചിക്കപ്പെട്ടിട്ടുള്ളതെന്നു കണക്കാക്കുന്നു. ദേവനന്ദിയാണ് ഇതിന്റെ കർത്താവ്. ഇതിന് അഭയനന്ദി *മഹാവൃത്തി* എന്ന വ്യാഖ്യാനം എഴുതിയിട്ടുണ്ട്. 3000 സൂത്രങ്ങളാണ് ഈ വ്യാഖ്യാനത്തിലുള്ളത്. സോമദേവൻ എഴുതിയ മറ്റൊരു വ്യാഖ്യാനവും ജൈനേന്ദ്രവ്യാകരണസൂത്രങ്ങൾക്കുണ്ട്. ഇതിലാകട്ടെ 3700 സൂത്രങ്ങളാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. ജൈനേന്ദ്രസൂത്രങ്ങൾക്കോ ഈ രണ്ടു വ്യാഖ്യാനങ്ങൾക്കോ അനുബന്ധമായി അതിനിയമപാഠം ഇല്ല. എന്നാൽ *മഹാവൃത്തി*യിലെ അതിനിയമങ്ങൾ സമാഹരിച്ച് ചെറിയൊരു വ്യാഖ്യാനത്തോടുകൂടി കെ.വി. അഭ്യങ്കർ അദ്ദേഹത്തിന്റെ *പരിഭാഷാസംഗ്രഹ*ത്തിൽ ചേർത്തിട്ടുണ്ട്.

അതിനിയമങ്ങളെ അധികരിച്ചുണ്ടായിട്ടുള്ള പഠനങ്ങൾ താരതമ്യേന കുറവാണ്. ജൊഹനാസ് ബ്രാങ്ഖോർസ്റ്റിന്റെ Tradition and Argument in Classical Indian Linguistics: The Bahirangaparibhasha in the Paribhashendusekhara, വസന്തകുമാർ മനുഭായ് ഭട്ടിന്റെ A Critical Study of Prurshottamadeva's Laghuparibhashavritti, കരുണാസിന്ധുദാസിന്റെ Paribhashas in the Paninian System of Grammar എന്നിവയാണ് അവയിൽ ചിലത്.

കാലാനുസൃതമായി പരിശോധിച്ചാൽ വ്യാഡിയുടെ *പരിഭാഷാസൂചന*ത്തെ തുടർന്നാണ് അപാണിനീയ അതിനിയമപാഠങ്ങളെല്ലാം ഉണ്ടായിവന്നിട്ടുള്ളത്. അതിനുശേഷമാണ് പുരുഷോത്തമദേവൻ, സീരദേവൻ തുടങ്ങിയവരുടെ പാണിനീയഅതിനിയമഗ്രന്ഥങ്ങൾ ഉണ്ടാകുന്നത്. വ്യാഡിയുടെ അതിനിയമങ്ങൾ അപാണിനീയവൈയാകരണന്മാർ സ്വീകരിച്ചുകൊണ്ടാണ് അതാതുപാഠങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. പുരുഷോത്തമദേവനിൽ തുടങ്ങുന്ന പാണിനീയ പരമ്പരയാകട്ടെ വ്യാഡിയെ അടിസ്ഥാനമാക്കിയും അപാ

ണിനീയപാഠങ്ങളെ ആവശ്യമെങ്കിൽ സ്വീകരിച്ചുകൊണ്ടുമാണ് അതതു പാഠങ്ങൾ സമാഹരിച്ചിട്ടുള്ളത്. വ്യാഡിപരിഭാഷാപാഠം മുതൽ ശേഷാദ്രിസുധിയുടെ പരിഭാഷാഭാസ്കരം വരെ തുടർച്ച അവകാശപ്പെടാനാവുന്ന വിജ്ഞാനമേഖലയാണിത്.

സംസ്കൃതവ്യാകരണം പ്രതിപാദിക്കാനുപയോഗിച്ച സൂത്രശൈലി വളരെ വിപുലമായ വിഷയത്തെ ചുരുക്കിപ്പറയുന്നതിന് സഹായകമായി. ഇത് പ്രാചീന ഭാരതീയശൈലിയിൽ വിഷയം ഹൃദിസ്ഥമാക്കുവാനും സംവാദങ്ങളിലൂടെ ആശയവൈപുല്യം ഉണ്ടാക്കിയെടുക്കുവാനും സഹായിച്ചു. എന്നാൽ സൂത്രശൈലിയുടെ പ്രത്യേകതയായ അതിഭാഷ അതിനിയമങ്ങളുടെ ആവിർഭാവത്തിന് വഴിവെച്ചു. വ്യാകരണസമ്പ്രദായഭേദങ്ങൾക്കനുസരിച്ചും ഭാഷയിൽ വരുന്ന സ്വാഭാവികമാറ്റങ്ങൾക്കനുസരിച്ചും പുതിയ അതിനിയമങ്ങളും അവ ഉൾക്കൊള്ളുന്ന അതിനിയമപാഠങ്ങളും ഉണ്ടായിവന്നു. ഇവയ്ക്ക് വ്യാഖ്യാനങ്ങളും. ഈ അതിനിയമങ്ങളിൽ ഉണ്ടായിട്ടുള്ള രേഖപ്പെടുത്തപ്പെട്ട പഠനങ്ങൾ താരതമ്യേന കുറവാണ് എങ്കിലും ഇന്നും വാക്യാർത്ഥസദസ്സുകളിലും മറ്റും നടക്കുന്ന സംവാദങ്ങളിലൂടെ ഈ നിയമങ്ങളുടെ സൂക്ഷ്മാംശങ്ങളെയും അവ നൽകുന്ന സാധ്യതകളെയും നല്ലൊരളവിൽ വിശകലനം ചെയ്തുവരുന്നുണ്ട്.